DESPATCHED
On...21/05/2020...



24/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2799(4)/2014/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.17044/എസ്.ഐ.സി-ജി 2/2014)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജിജി കാട്ടാംകോട്ടിൽ,
ഇടുക്കി കോളനി പി.ഒ,
ഇടുക്കി– 685 602. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   ഇടുക്കി, കട്ടപ്പന.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   ഇടുക്കി, കട്ടപ്പന.

— എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, കാൽവരിമൗണ്ട് ഹൈസ്കൂളിലെ ടീച്ചിങ്ങ് സ്റ്റാഫിന്റെ 2014 ജൂലൈയിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ട് ഒന്നാം എതിർകക്ഷി നൽകിയില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദേശപ്രകാരം രണ്ടാം എതിർകക്ഷി 16.12.2014 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. "അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിലേതല്ലാത്തതിനാൽ, അപേക്ഷകന് ആവശ്യമായ രേഖകൾ നേരിട്ടു നൽകാൻ കാൽവരി മൗണ്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്ററോട് എസ്.പി.ഐ.ഒ ശ്രീ. കെ.രഘു ഈ ഓഫീസിലെ A4/6648/14 dt. 01.09.2014 കത്ത് മുഖാന്തിരം നിർദേശം നൽകുകയും, വിവരം ശ്രീ. ജിജി കാട്ടാംകോട്ടിലിനെ കത്ത് മുഖാന്തിരം അന്നേ ദിവസം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. കാൽവരി മൗണ്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വിവരങ്ങൾ ശ്രീ. ജിജി കാട്ടാംകോട്ടിലിന് 19.09.2014 ന് നൽകിയിരുന്നതായി അറിയിച്ചിട്ടുണ്ട്. അപ്പലേറ്റ് അതോറിറ്റിയുടെ പേരും മേൽവിലാസവും അപേക്ഷകന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതായി ഈ ഓഫീസിലെ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഓഫീസ് കോപ്പിയിൽ കാണുന്നു. എന്നാൽ ഫെയർകോപ്പി എടുത്തപ്പോൾ അപ്പീൽ അധികാരിയുടെ പേര് വിട്ടുപോയതായി ഇപ്പോൾ മനസ്സിലാക്കുന്നു. 25.09.2014 ന് അപേക്ഷകൻ നൽകിയതായി പറയുന്ന അപ്പീൽ ഈ ഓഫീസിൽ ലഭിച്ചതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല" എന്ന് റിപ്പോർട്ടിൽ പറയുന്നു. നൽകിയ മറുപടി രേഖകൾ സഹിതം കമ്മീഷനും ലഭ്യമാക്കിയിട്ടുണ്ട്.

3. റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഇതിനകം ടിയാനു ലഭ്യമാക്കിയതായി കമ്മീഷൻ കരുതുന്നു. അപ്പലേറ്റ് അതോറിറ്റിയുടെ വിവരം ലഭ്യമാക്കിയില്ല എന്നതിന് എതിർകക്ഷി വിശദീക

രണം നൽകിയിട്ടുമുണ്ട്. തൽക്കാലം ഈ വിശദീകരണം കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽപ്പോലും, മേലിൽ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് എതിർകക്ഷികളെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

4. അപ്പീൽ ഹർജിക്കാരന് വിവരങ്ങളും രേഖകളും ഇതിനകം ലഭിച്ചു കഴിഞ്ഞുവെന്ന നിഗമനത്തിൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ തുടർ നടപടികൾ അവസാനിപ്പിക്കുന്നു. അപ്പീൽ ഹർജിക്കാരന് ഇനിയും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ, കമ്മീഷനെ അറിയിക്കുന്ന പക്ഷം, ആയത് പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേല്പറഞ്ഞ പ്രകാരം കമ്മീഷൻ അപ്പീൽ ഹർജി ഇന്നേദിവസം 24.02.2020 ന് തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

re